# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5884** **04.11.2016-ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിലെ തസ്തികകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം.രാജഗോപാലൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുവെന്നും, അവ ഏതൊക്കെ എന്നും വ്യക്തമാക്കുമോ; | (എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 24 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഓഫീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത ഓഫീസുകളിൽ എത്ര തസ്തികകൾ ഇതു വരെയായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും, ഈ തസ്തികകളിൽ ഇനിയും നികത്താത്ത എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ; | (ബി) പ്രസ്തുത ഓഫീസുകളിൽ വിവിധ കാറ്റഗറികളിലായി റോഡ്സ് & ബ്രിഡ്ജസ് വിഭാഗത്തിൽ 120 തസ്തികകളും കെട്ടിട വിഭാഗത്തിൽ 127 തസ്തികകളും എൻ.എച്ച് വിഭാഗത്തിൽ 28 തസ്തികകളും ഇതുവരെ സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ വിവിധ തസ്തികകളിലായി 50 ഒഴിവുകൾ നികത്താനുണ്ട്. |
| (സി) തസ്തികകൾ സൃഷ്ടിക്കാതെ താല്ക്കാലികമായും/കരാർ/ദിവസ വേതന പ്രകാരവും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും, ഏതൊക്കെ തസ്തികയിലാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ; | (സി) കാഞ്ഞങ്ങാട് കെട്ടിട വിഭാഗം സെക്ഷൻ ഓഫീസിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഒരു പമ്പ് ഓപ്പറേറ്റർ ജോലി ചെയ്യുന്നുണ്ട്. കൂടാതെ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള 4 റസ്റ്റ് ഹൗസുകളിൽ ഓരോ കാഷ്വൽ സ്വീപ്പർമാർ വീതം 4 പേർ താൽക്കാ - ലികമായി ജോലി ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്ഥിരം ഒഴിവുകളിൽ താല്ക്കാലി-കമായും/കരാർ/ദിവസവേതന പ്രകാരം ജോലി ചെയ്യുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള മഞ്ചേശ്വരം റസ്റ്റ് ഹൗസിൽ സ്ഥിരം ഒഴിവിൽ ഒരു കാഷ്വൽ സ്വീപ്പറിനെ നിയമിച്ചിട്ടുണ്ട്. |
| (ഇ) | റിട്ടയർ ചെയ്ത എത്ര ജീവനക്കാർ താല്ക്കാലികമായും, ദിവസവേതന പ്രകാരവും ജോലിയിൽ തുടരുന്നു-ണ്ടെന്നും, ഇവർ എത്ര വർഷങ്ങളായി തുടരുന്നുണ്ടെന്നും വ്യക്തമാക്കുമോ? | (ഇ) | റിട്ടയർ ചെയ്ത ജീവനക്കാർ ആരും ജോലിയിൽ താൽക്കാലികമായും ദിവസവേതനപ്രകാരവും തുടരുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം IV D

കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ

(1) Roads Division, Kasaragode
(2) Roads Sub Division, Kasaragode
(3) Roads Section, Kasaragode
(4) Roads Section, Manjeshwaram
(5) Roads Section, Badiadukka
(6) Roads Sub Division, Kanhangad
(7) Roads Section, Kanhangad
(8) Roads Section, West Eleri

(9) Roads Section, Neeleswar

(10) Bridges Section, Kasaragode

(11) Bridges Section, Kanhangad

(12) Quality Control Sub Division
& District Lab Kasaragode

കെട്ടിടവിഭാഗത്തിൽ

(1) Buildings Division, Kasaragode

(2) Buildings Sub Division, Kasaragode

(3) Buildings Section, Kasaragode

(4) Special Buildings Section No. I, Kasaragode

(5) Buildings Section, Badiadukka

(6) Buildings Sub Division, Kanhangad

(7) Buildings Section, Kanhangad

(8) Buildings Section, Neeleswar

(9) Electrical Section, Kanhangad

(10) Electrical Sub Division, Kasaragode

(11) Electrical Section, Kasaragode

എൻ. എച്ച്. വിഭാഗം

(1) NH Sub Division, Kasaragode